## കേരള സർക്കാർ
## തദ്ദേശസ്വയംഭരണ (ഇഡബ്ല്യു) വകുപ്പ്.

## സർക്കുലർ

നം.42448/ഇഡബ്ല്യു3/11/ തസ്വഭവ. തീയതി, തിരുവനന്തപുരം, 12.09.2011.

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിംഗ് - എഞ്ചിനിയർമാരുടെ മേൽനോട്ടം ഇല്ലാതെ ചെയ്യുന്ന നിർമ്മാണ പ്രവൃത്തികൾ - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന: തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 05.08.2011 ലെ ഡി.ബി-4/6142/11/CE/ത.സ്വ.ഭ.വ (1)നമ്പർ കത്ത്.

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്ക് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ആയി 1.25% തുക ഈടാക്കുന്നുണ്ട്. ഈ തുക ഈടാക്കിയില്ലായെങ്കിൽ സർക്കാരിലേക്ക് റവന്യൂ നഷ്ടമായി കണക്കാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് അക്കൌണ്ടന്റ് ജനറൽ ആഡിറ്റ് നടത്തുമ്പോൾ നിർദ്ദേശം നൽകാറുണ്ട്. സൂപ്പർവിഷൻ നടത്താതെ സൂപ്പർവിഷൻ ചാർജ് നൽകുന്നതിന് സ്കൂളിന്റെ ഉടമസ്ഥരിൽ നിന്നും വൈമനസ്യം ഉണ്ടാകാറുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഉദ്ദേശം തന്നെ കെട്ടിടത്തിന്റെ തുടക്കം മുതലുള്ള നിർമ്മാണ പ്രവൃത്തികൾ നിയമപ്രകാരമുള്ള അംഗീകൃത ഗുണനിലവാരത്തിനും കോഡുകൾക്കും അനുസൃതമായി ബലവത്തും ഈടുറ്റതും ആയുള്ള നിർമ്മിതിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയാണ്. എന്നാൽ പല കെട്ടിടങ്ങളും നിർമ്മിക്കുന്നത് അറിവുള്ള എഞ്ചിനിയർമാരുടേയോ സൂപ്പർവൈസർമാരുടെയോ മേൽനോട്ടത്തിലല്ല. കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ചില മേസ്തിരിമാരാണ് പല കെട്ടിടങ്ങളും നിർമ്മിക്കാറുള്ളത്. ഇത്തരം കെട്ടിടങ്ങൾക്ക് ആത്മവിശ്വാസത്തോടെ ഫിറ്റ്നസ് കൊടുക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലായെന്ന് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ യോഗത്തിൽ പൊതു അഭിപ്രായമായി ഉയരുകയുണ്ടായി. മാത്രമല്ല നിർഭാഗ്യവശാൽ എന്തെങ്കിലും അപകടങ്ങൾ സംഭവിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഫിറ്റ്നസ് കൊടുത്ത ഉദ്യോഗസ്ഥർക്കായിരിക്കും.

മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേമായിരിക്കണം.
2. കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് പ്ലാൻ, എസ്റ്റിമേറ്റ് , structural drawing , soil investigation details എന്നിവ പരിശോധനയ്ക്ക് നൽകിയിരിക്കണം.
3. എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമേ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
4. സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്. (G.O(Rt)No.1304/74/PWD dated, 11.11.1974).
5. ഫിറ്റ്നസ് ആവശ്യമായി വരുന്ന എല്ലാ പ്രവൃത്തികളും രൂപകല്പന മുതൽ പൂർത്തീകരണം വരെയുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാരുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(പകർപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.)

ഡയറക്ടർ , പബ്ലിക് ഇൻസ്ട്രക്ഷൻസ്.
പൊതു വിദ്യഭ്യാസ വകുപ്പ്

തസ്വഭ (ഇപിഎ/ഇപിബി/ഇയു/ഇആർബി/ഇആർഎ) സെക്ഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ